**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1715** — **08-12-2022 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | **ശ്രീ. വി. അബ്ദുറഹിമാൻ (മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ മണിമല പഞ്ചായത്തിലെ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | **കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ മണിമല പഞ്ചായത്ത് സ്റ്റേഡിയം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗരേഖയിൽ പറയും പ്രകാരമുള്ള എം.എൽ.എ. ഫണ്ട് വകയിരുത്തുന്നതായി കാണിച്ചുകൊണ്ടുള്ള കത്ത് എം.എൽ.എ.യിൽ നിന്നോ ബന്ധപ്പെട്ട ജില്ലാ കളക്ടറിൽ നിന്നോ ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിക്കാണെന്ന് അറിയിക്കാമോ; | (ബി) | **പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല കായികയുവജനകാര്യാലയത്തിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷനാണ്.** |
| (സി) | ആയതിലേക്കുള്ള അന്തിമ എസ്റ്റിമേറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ; എന്തൊക്കെ ഘടകങ്ങൾ ആണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും എസ്റ്റിമേറ്റ് എന്നത്തേക്ക് പൂർത്തിയാക്കി സമർപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (സി) | **ഇല്ല. പ്രസ്തുത കളിക്കളം നിർമ്മാണത്തിനായി പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന സൗകര്യങ്ങൾ ചുവടെ പറയുന്നവയാണ്.**<br><br>**എ. <u>മൾട്ടി ഗെയിമുകൾക്കായി കളിക്കുന്ന കോർട്ടുകൾ:-</u> ഫുട്ബോൾ വോളിബോൾ, ബാസ്കറ്റ്ബോൾ ഇടങ്ങിയ പ്രദേശത്തെ ജനപ്രിയ ഗെയിമുകൾ പരിഗണിച്ചാണ് ഇവ നൽകുന്നത്. ലഭ്യമായ ഭൂമിയുടെ ആകെ വ്യാപ്തിയും പരിഗണിക്കുന്നതാണ്.**<br><br>**<u>ബി. ഫുട്ബോൾ ടർഫുകളും, സിന്തറ്റിക് കോർട്ടുകളും:-</u> പ്രാദേശിക ഡിമാൻഡ് / ആവശ്യകത, ഫണ്ട് ലഭ്യത എന്നിവയെ ആശ്രയിച്ച് ഫുട്ബോൾ ടർഫ് സിന്തറ്റിക് കോർട്ടുകൾ അല്ലെങ്കിൽ മൾട്ടി സ്പോർട്സ്, അരീന എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.** |

| | | | |
|---|---|---|---|
| | | | **സി. ഇൻഡോർ കോർട്ടുകൾ:-** ബാൻറ്മിന്റണിനും സമാനമായ ഗെയിമുകൾക്കുമുള്ള ഇൻഡോർ കോർട്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.<br><br>**ഡി. ഫിറ്റ്നസ് പവലിയൻ അല്ലെങ്കിൽ ഓപ്പൺ ജിം:-** ഫിറ്റ്നസ് പവലിയനിൽ കാർഡിയാക് എക്സർസൈസ്, സ്ട്രംഗ്ത് & കണ്ടീഷനിംഗ്, സ്ട്രെച്ചിംഗ് എക്സർസൈസ് തുടങ്ങിയ വ്യായാമങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒരു തുറന്ന അല്ലെങ്കിൽ സെമി കവേർഡ് ഏരിയ ഉൾപ്പെടുത്താവുന്നതാണ്. ഇതുകൂടാതെ യോഗാ, എയറോബിക് വ്യായാമങ്ങൾക്കും മറ്റും കവർ ചെയ്ത പവലിയനുകളും നൽകാം.<br><br>**ഇ. ടോയ്‌ലെറ്റുകളും, വസ്ത്രം മാറുന്ന മുറികളും / കഫ്റ്റീരിയ:-** ഏരിയ കുറഞ്ഞ അവശ്യ ടോയ്‌ലെറ്റ് സൗകര്യങ്ങളും വസ്ത്രം മാറുന്ന മുറികളും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.<br><br>**എഫ്. വൈദ്യുതീകരണം:-** രാത്രിയിലും ഗ്രൗണ്ട് പ്രയോജനപ്പെടുത്തുന്നതിന് കളിക്കളത്തിന് ഏറ്റവും കുറഞ്ഞ അവശ്യ വെളിച്ചം നൽകേണ്ടതുണ്ട്.<br><br>എം.എൽ.എ.ഫണ്ട് അലോക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ